MONDAY

15.01.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


# Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/01/2024

1. പത്തനംതിട്ട ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെയും കൃഷി വകുപ്പ് എൻജിനീയറിങ് വിഭാഗത്തിന്റെയും സഹകരണത്തോടെ ആരംഭിക്കുന്ന കൊടുമൺ റൈസ് മില്ലിന്റെ ഉദ്ഘാടനം ജനുവരി 15 ന് (15.01.2024) രാവിലെ 10 മണിക്ക് ഒറ്റത്തേക്ക് മൈതാനത്ത് വച്ച് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ന്റെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കും. റൈസ് മില്ലിന്റെ സ്വിച്ച് ഓൺ കർമ്മം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കുന്നു. തദവസരത്തിൽ ആരോഗ്യ -വനിതാ -ശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് ഉൽപ്പന്നങ്ങളുടെ വിതരണ ഉദ്ഘാടനം നിർവഹിക്കും.

2. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. ഭാരതീയ സുഗന്ധ വിള ഗവേഷണ കേന്ദ്രം (ഐ.ഐ.എസ്.ആർ) പുതുതായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയിലൂടെ, കുമ്മായവും ട്രൈക്കോഡെർമയും സംയോജിപ്പിച്ച് ഒറ്റ ഉല്പന്നമായി "ട്രൈക്കോലൈം"എന്ന പേരിൽ പുറത്തിറക്കുന്നു. കുമ്മായം അടിസ്ഥാനമാക്കിയുള്ള ഈ മിശ്രിതം ചെടികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മണ്ണിലെ അമ്ലതയെ നിയന്ത്രിക്കുകയും രോഗാണുക്കളിൽ നിന്നും വിളകളെ സംരക്ഷിക്കുകയും ചെയ്യുന്നു. മണ്ണിന്റെ ഘടനമെച്ചപ്പെടുത്തുന്നതിനും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിളകൾക്കാവശ്യമായ പോഷകലഭ്യത ഉറപ്പുവരുത്തുന്നതിനും ഇത് ഒരുപോലെ സഹായിക്കും

4. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ സർക്കാർ ഹാച്ചറി കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് അഞ്ച് രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പീച്ചി അഡാക്ക് സർക്കാർ ഫിഷ് സീഡ് ഹാച്ചറിയിൽ കാർപ്പ്, ആസാംവാള, വരാൽ, അനാബാസ്, കരിമീൻ, ഗിഫ്റ്റ് തിലാപ്പിയ തുടങ്ങിയ ഇനത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ 0487-2960205, 8848887143 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 2023 വർഷത്തെ ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. കേരളത്തിന് അകത്തുള്ള സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച DEGREE, PROFESSIONAL DEGREE, PG, PROFESSIONAL PG, ITI, TTC, POLY TECHNIC, GENERAL NURSING, B.Ed, MEDICAL DIPLOMA പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളുടെ മാതാപിതാക്കളിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. അപേക്ഷ ഫോം ബോർഡിന്റെ www.agriworkersfund.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

2024 ജനുവരി 1 മുതൽ ജനുവരി 31 വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതാണ്. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്), സർട്ടിഫിക്കറ്റ് (പ്രൊവിഷണൽ or ഒറിജിനൽ) പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്), അംഗത്വ പാസ് ബുക്കിന്റെ പകർപ്പ് (ആദ്യപേജിന്റെയും, അംശാദായം അടവാക്കിയ വിവരങ്ങൾ), ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകൻ/ അപേക്ഷക കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

7. കടുത്തുരുത്തി മൃഗാശുപത്രി ഹാളിൽ വച്ച് 2024 ജനുവരി 18-ാം തീയതി കർഷകർക്ക് കന്നുകാലികളുടെ ശാസ്ത്രീയ തീറ്റക്രമം എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ്. പങ്കെടുക്കുവാൻ താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. വാഴയിലെ കരിക്കുല രോഗ ലക്ഷണങ്ങളാണ് ഇലത്തണ്ടിലും കായ്കളിലും കറുത്തപാടുകൾ പ്രത്യക്ഷപ്പെടുന്നത്. കുല പഴുക്കുമ്പോൾ ഈ പാടുകൾ വലുതായി കായ്കൾ കറുത്ത് അഴുകുന്നു. നിയന്ത്രണമാർഗങ്ങൾ ഒരു ശതമാനം ബോർഡോമിശ്രിതം, ഫൈറ്റോലാൻ 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കലകളിൽ തളിക്കുക. ആരംഭദശയിൽ സ്യൂഡോ മോണാസ് (20 ഗ്രാം / ലിറ്റർ) കുലകളിൽ തളിക്കുന്നത് നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം